"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് - 11-ാ‍ം കാർഷിക സെൻസസ് 2024-25- ഒന്നാംഘട്ട സർവേ – ഹോണറേറിയം വിതരണം ചെയ്യുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.392/2024/P&EA തീയതി,തിരുവനന്തപുരം, 25-10-2024

പരാമർശം:-
1. 27.02.2023 ലെ സ.ഉ(സാധാ) 73/2023/പി&ഇഎ
2. 05.01.2024 ലെ സ.ഉ(സാധാ) 5/2024/പി&ഇഎ
3. 27.02.2024 ലെ സ.ഉ(സാധാ) 80/2024/പി&ഇഎ
4. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 19.04.2024, 12.07.2024 07.09.2024 എന്നീ തീയതികളിലെ ഡിഇഎസ്/3656/2023-എജിസി-1 നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാനത്ത് പതിനൊന്നാമത് കാർഷിക സെൻസസിന്റെ ഒന്നാംഘട്ട വിവരശേഖരണം പൂർത്തികരിച്ച 19489 വാർഡുകളിൽ, പരാമർശം (1), (2), (3) പ്രകാരം ആകെ 15888 വാർഡുകൾക്ക് മാത്രമേ നാളിതുവരെ ഹോണറേറിയം വിതരണം ചെയ്തിട്ടുള്ളൂവെന്നും ശേഷിക്കുന്ന 3601 വാർഡുകൾക്ക് ഹോണറേറിയം വിതരണം ചെയ്യുന്നതിനായി വാർഡ് ഒന്നിന് 3600/-രൂപ നിരക്കിൽ ആകെ 129.636 ലക്ഷം-രൂപ നൽകുവാൻ ശേഷിക്കുന്നുണ്ടെന്നും 2024-25-ൽ കാർഷിക സെൻസസിന്റെ ഒന്നാംഘട്ട സർവേയുടെ ഹോണറേറിയം നൽകുന്നതിന് ആകെ ആവശ്യമുള്ള 129.636 ലക്ഷം രൂപയിൽ കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുകയും 2023-24, 2024-25 എന്നീ വർഷങ്ങളിൽ സംസ്ഥാന സർക്കാരിന്റെ വരവ് ശീർഷകത്തിൽ ഒടുക്കിയിട്ടുള്ളതുമായ 68.508 ലക്ഷം രൂപ, 1903 വാർഡുകൾക്കു ഹോണറേറിയം നൽകുന്നതിനായി ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ പരാമർശം 4 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25-ൽ കാർഷിക സെൻസസിന്റെ ഒന്നാംഘട്ട സർവേയുടെ ഹോണറേറിയം നൽകുന്നതിന് ആകെ ആവശ്യമുള്ള 129.636 ലക്ഷം രൂപയിൽ കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുകയും 2023-24, 2024-25 എന്നീ വർഷങ്ങളിൽ സംസ്ഥാന സർക്കാരിന്റെ വരവ്

ശീർഷകത്തിൽ ഒടുക്കിയിട്ടുള്ളതുമായ **68.508 ലക്ഷം രൂപ (അറുപത്തിയെട്ട് ലക്ഷത്തി അമ്പതിനായിരത്തി എണ്ണൂറ് രൂപ മാത്രം),** 1903 വാർഡുകൾക്കു ഹോണറേറിയം നൽകുന്നതിന് **2401-00-111-99-00-34 (Plan Voted) 100% CSS** എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മനോജ് കെ എസ്
അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (നം.2562364 : EXP-B3/308/2023-FIN തീയതി 05.10.2024)
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി (PLGEA-B1/73/2024-PLGEA)

ഉത്തരവിൻ പ്രകാരം

Signed by
Anu Surendran
സെക്ഷൻ ഓഫീസർ
Date: 25-10-2024 15:00:54